336

**കേരള സർക്കാർ**

സംഗ്രഹം

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ) - കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബി.എസ്.എൻ.എൽ- നെ ചുമതലപ്പെടുത്തുന്നതിന് തത്വത്തിൽ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.589/17/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 16/10/2017

---

പരാമർശം:- 1. 01/03/2017- ലെ ജി.ഒ( ആർ.റ്റി) നം. 87/17/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
2. 30/03/2017- ലെ ജി.ഒ( ആർ.റ്റി) നം. 193/17/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
3. 21/08/2017- ലെ ജി.ഒ( എം.എസ്) നം. 34/17/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
4. സാസാ ഡയറക്ടറുടെ 18/09/2017 – ലെ റ്റി. 222/2017/സാസാ നമ്പർ കത്ത്.

**ഉത്തരവ്**

ഗിഫ്റ്റിന്റെ ഉടമസ്ഥതയിലുള്ള കൈമനത്തെ കോടതി കേസിൽ ഉൾപ്പെടാത്ത സ്ഥലം സാസക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എല്ലാ നടപടി ക്രമങ്ങളും പാലിച്ച് കൊണ്ട് സാസക്ക് കൈമാറുവാൻ ഗിഫ്റ്റിന് അനുമതി നൽകി കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് ബി.എസ്.എൻ.എൽ നെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം(4) പ്രകാരം ഡയറക്ടർ സാസാ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാസാ ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം , ഗിഫ്റ്റിന്റെ ഉടമസ്ഥതയിലുള്ള കൈമനത്തെ സ്ഥലത്ത് സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (സാസാ) -ന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബി.എസ്.എൻ.എല്ലുമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, കരട് MoU തുടങ്ങിയ വിശദാംശങ്ങൾ സമർപ്പിച്ച് ഭരണാനുമതി നേടിയിരിക്കണം എന്ന വ്യവസ്ഥയോടെ , ഡയറക്ടർ സാസയെ ചുമതലപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശർമിള മേരി ജോസഫ്**

**സെക്രട്ടറി**

1. ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ (സാസാ), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. ആസൂത്രണസാമ്പത്തികകാര്യ (സിപിഎംയു) വകുപ്പ്.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

സെക്ഷൻ ഓഫീസർ